യഹോവ നിന്റെ കഷ്ടകാലത്തിൽ
നിനക്കു സഹായം നൽകിടട്ടെ
യാക്കോബിൻ ദൈവം തിരുക്കരത്താൽ } 2
നിന്നെ അനുദിനം നടത്തിടട്ടെ

യഹോവ......

ആശ്രയിക്കാം തൻ ഭുജബലത്തിൽ } 2
ആരാധിക്കാം പരിശുദ്ധനെ
ആശ്വാസദായകൻ ആരിലും ഉന്നതൻ } 2
ആരാധനയ്ക്കു യോഗ്യൻ താൻ

നിന്റെ പ്രാർത്ഥനയ്ക്കുത്തരം അരുളുമവൻ } 2
സ്തോത്രയാഗങ്ങളിൽ പ്രസാദിച്ചിടും
നിന്റെ ക്ലേശമെല്ലാം നീങ്ങിടും } 2
നിത്യസന്തോഷം നിനക്കേകിടും

യഹോവ.........1 യാക്കോ ......1

നിന്റെ നിലവിളി കേട്ടവൻ വിടുതൽ നൽകും } 2
പാപശാപങ്ങൾ രോഗങ്ങൾ നീക്കിടും താൻ
നിന്റെ അകൃത്യമെല്ലാം മോചിക്കും } 2
സ്വർഗ്ഗസൗഭാഗ്യം നിനക്കേകിടും

യഹോവ.....1 ആശ്രയിക്കാം........ യാക്കോ ......1